കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1986 മാർച്ച് 26, ബുധൻ

വാല്യം LXVI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 1986 മാർച്ച് 26-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ഗവൺമെൻറ് വിദ്യാലയങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ പദ്ധതി

* 128. [133] ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. പി. പ്രഭാകരൻ :
,, എം. കെ. കേശവൻ :
,, കെ. ഇ. ഇസ്മയിൽ :
,, പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെൻറ് വിദ്യാലയങ്ങളുടെ കെട്ടിട ദൗർലഭ്യവും ശോച്യാവസ്ഥയും പരിഹരിക്കുവാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : (എ), (ബി) കഴിഞ്ഞവർഷം ഉണ്ടായ പ്രളയബാധയിൽ വളരെയധികം സ്കൂൾകെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചു. കേടുപാടുകൾ തീർത്ത് കെട്ടിടം പുതുക്കി പണിയുന്നതിനുവേണ്ടി വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും 327 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. ഈ പദ്ധതി അനുസരിച്ചുള്ള പണികൾ ചെയ്തുവരുന്നു.

സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ കെട്ടിട ദൗർലഭ്യം പരിഹരിക്കുന്നതിനു വേണ്ടി മുൻഗണനാക്രമത്തിൽ കെട്ടിടനിർമ്മാണത്തിനായുള്ള ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

ഈ ലിസ്റ്റനുസരിച്ച് കെട്ടിടനിർമ്മാണത്തിന് ഏകദേശം 120 കോടി മുതൽ 150 കോടി രൂപ വരെ ആവശ്യമാണെന്ന് കണക്കാക്കപ്പെടുന്നു. പണത്തിന്റെ ദൗർലഭ്യംമൂലം കെട്ടിടം പണി ആരംഭിക്കുവാൻ സാധിച്ചില്ല. ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് അനുസൃതമായി കെട്ടിടം പണി ആരംഭിക്കുന്നതാണ്.

Dr. A. Subba Rao : May I know what was the amount that was given to the Parent Teachers Association as per the scheme introduced last year and whether the Government is aware that due to the many pre-conditions that have been placed by the Government, many of the Parent Teachers Associations are unable to take up the works of the schools ?

ശ്രീ. ടി. എം. ജേക്കബ് : വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് കിട്ടിയ പണം ചെലവാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക സ്കീം തയ്യാറാക്കുകയുണ്ടായി. അതനുസരിച്ച് ഒരു ലക്ഷം രൂപ വീതമാണ് ഓരോ കെട്ടിടത്തിനും വേണ്ടി കൊടുത്തിട്ടുള്ളത്. അതിൽ മുപ്പതിനായിരം രൂപ പി. ടി. എ. നടത്തേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി കൊടുത്തിട്ടുണ്ട്. ആസ്ബസ്റ്റോസ് ഷീറ്റടക്കം 70,000 രൂപയ്ക്കുള്ള സാധനങ്ങൾ SILK-ൽ നിന്നുമാണ് നമ്മൾ ഓർഡർ ചെയ്തിരിക്കുന്നത്. അത് പി.ടി.എ. എടുക്കും. അതിന്റെ മേസ്ണറി വർക്ക് തുടങ്ങിയുള്ള കാര്യങ്ങളാണ് പി. ടി. എ. ചെയ്യേണ്ടത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ഈ കമ്മീഷൻ ഉള്ളതുകൊണ്ട് തടസ്സമുണ്ടാകുമെന്നാണ്. അത് ശരിയല്ല. നേരത്തെ അയ്യായിരം രൂപ ഏണസ്റ്റ് മണി കെട്ടണമെന്നുണ്ടായിരുന്നു. അത് വേവ് ചെയ്തുകൊടുത്തിട്ടുണ്ട്. 222 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വളരെ വേഗതയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതെല്ലാം പി.ടി.എ. യാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ : പ്രളയബാധയ്ക്ക് കിട്ടിയ ഫണ്ടിൽ നിന്ന് 327 ലക്ഷം രൂപ കെട്ടിടങ്ങളുണ്ടാക്കാൻ കൊടുക്കുന്നുവെന്ന് പറഞ്ഞു. ഇത് കൊടുക്കുന്നത് പ്രളയബാധകൊണ്ട് കേടുപറ്റിയ സ്കൂളുകൾക്ക് മാത്രമായിരിക്കുകയില്ല എന്ന് നമുക്ക് അറിയാം. വർഷങ്ങളായി ചോർന്നൊലിച്ചു കിടക്കുന്ന കെട്ടിടങ്ങൾ റിപ്പെയർ ചെയ്യുന്നതിന് ഏത് ഫണ്ട് എടുത്ത് ഉപയോഗിച്ചാലും കുഴപ്പമില്ല. അത് വളരെ അടിയന്തിരമായ കാര്യമാണ്. 140 നിയോജകമണ്ഡലങ്ങളിലും ഇതുപോലുള്ള ശോചനീയാവസ്ഥയുണ്ട്. അവിടെയൊക്കെ ഈ ഫണ്ടിൽ നിന്നും തുക വിതരണം ചെയ്യുന്നത് എങ്ങനെയാണ്; എല്ലാ നിയോജകമണ്ഡലങ്ങളിലേയും സ്കൂളുകൾക്ക് കൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ടോ ; പ്രയോറിട്ടി എന്തായിരുന്നു ; അങ്ങനെ ആവശ്യപ്പെട്ടതിന്റെ ഒരു ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : അനുവാദം കൊടുത്തതിന്റെ ലിസ്റ്റ് ഇന്നലെ ചില ചോദ്യങ്ങൾക്ക് ഉത്തരമായിട്ട് മേശപ്പുറത്ത് വച്ചിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലേയും പ്രവർത്തനങ്ങൾ ഏറെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ എം. എൽ. എ. മാരോട് അഭിപ്രായം ചോദിച്ചിരുന്നു. വെള്ളപ്പൊക്കത്തിൽ കേടുപാടുകൾ സംഭവിച്ച കെട്ടിടങ്ങളുടെ അസസ്മെന്റ് ഉദ്യോഗസ്ഥൻമാർ നടത്തിയ കൂട്ടത്തിൽ ഞാൻ തന്നെ എം. എൽ. എ. മാർക്ക് കത്തെഴുതുകയും അവർ തന്ന പേരുകൾകൂടി ഉദ്യോഗസ്ഥൻമാർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. അത് രണ്ടുംകൂടി വെരിഫൈ ചെയ്തതിനു ശേഷമാണ് ലിസ്റ്റ് തയ്യാറാക്കിയത്. എല്ലാ നിയോജകമണ്ഡലങ്ങളിലും ഈ ജോലികൾ ഏറെടുത്തിട്ടുണ്ടെന്നോണം എനിക്ക് തോന്നുന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ : എം. എൽ. എ. മാരോട് ആവശ്യപ്പെട്ടുവെന്ന് പറഞ്ഞു. ഞങ്ങളോട് ആവശ്യപ്പെട്ടത് വെള്ളപ്പൊക്കത്തിന്റെ വർക്കിനെ സംബന്ധിച്ചല്ല. സർക്കാർ സ്കൂൾ കെട്ടിടങ്ങൾ പണിയുന്നതിന് ഒരു സ്കീം ഗവൺമെന്റ് ആവിഷ്ക്കരിക്കുന്നുണ്ട്. ഓരോ നിയോജകമണ്ഡലത്തിൽ നിന്നും രണ്ട് സ്കൂളുകളുടെ പേര് നിർദ്ദേശിക്കാൻ ചോദിച്ചിരുന്നു. അത് വെള്ളപ്പൊക്കത്തിന്റെയാണെന്ന് ഞാൻ ധരിച്ചില്ല ; അതിൽ എഴുതിയിട്ടുമില്ലായിരുന്നു. പുതിയ കെട്ടിടത്തിനുവേണ്ടിയുള്ള സ്കീം ആണെന്നാണ് എനിക്ക് നിർദ്ദേശം തന്നിരുന്നത്. ആ സ്കീം വേറേയാണൊ ? 120 മുതൽ 150 വരെ കോടി രൂപയുടെ പദ്ധതി. വെള്ളപ്പൊക്കത്തിന് കിട്ടിയ തുകകൊണ്ട് എവിടെയൊക്കെ സ്കൂൾ നന്നാക്കണമെന്നുള്ളതിനെപ്പറ്റി എം. എൽ. എ. എന്ന നിലയിൽ എന്നോട് ചോദിച്ചിട്ടില്ല. പൊതുവായിട്ടുള്ള സ്കീമിലേക്ക് രണ്ട് സ്കൂളുകളുടെ പേര് ചോദിച്ചിരുന്നു. ആ പേര് ഞാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ് : സാങ്കേതികത്വമാണ് അദ്ദേഹം പറഞ്ഞത്. വെള്ളപ്പൊക്കക്കെടുതിയിൽ പെടുന്ന സ്കൂൾ കെട്ടിടം നിർമ്മിക്കണമെന്ന് പറഞ്ഞ് എം. എൽ. എ. മാരോട് ചോദിച്ചില്ല. ഗവൺമെന്റ് സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുമ്പോൾ അതിന് ആവശ്യമായ നിലയിലുള്ള കെട്ടിടങ്ങൾ ഉണ്ടാക്കേണ്ടത് അത്യാവശ്യമായിട്ടുണ്ട്. അദ്ദേഹത്തിന് അറിയാവുന്നതുപോലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി നൽകുന്ന പണം എം. എൽ. എ. പറയുന്ന സ്ഥാനത്തേക്ക് ഉപയോഗിക്കുന്നു എന്നു പറയുന്നത് സാങ്കേതികമായി ശരിയല്ല, അതുകൊണ്ടാണ് ഓരോ എം. എൽ. എ. യും അതാതു നിയോകമണ്ഡലത്തിൽ അത്യാവശ്യമുള്ള സ്കൂൾ കെട്ടിടത്തിന്റെ കാര്യം പറയണമെന്ന് പറഞ്ഞത്. എം. എൽ. എ. മാർ പലരും എന്നോട് ചോദിച്ചപ്പോൾ ഞാൻ പേഴ്സണലായിട്ട് അവരോട് പറഞ്ഞിട്ടുണ്ട്. രേഖയിൽ അങ്ങനെ പറയാൻ നിവൃത്തിയില്ലാതിരുന്നതുകൊണ്ടാണ് അങ്ങനെ പറയാതിരുന്നത്. അവരോട് പറയുകയും അതനുസരിച്ചുള്ള ക്രമീകരണങ്ങൾ നടത്തുകയുമാണ് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ ചോദിച്ച മറ്റൊരു കാര്യം പ്രയോറിട്ടി ലിസ്റ്റിനെ സംബന്ധിച്ചാണ്. പ്രയോറിട്ടി ലിസ്റ്റ് ഗവൺമെന്റ് വേറെ തയ്യാറാക്കിയിട്ടുണ്ട്. അത് നാല് കാറ്റഗറിയായിട്ടാണ് തിരിച്ചിരിക്കുന്നത്. സ്ഥലവും കെട്ടിടവും ഇല്ലാത്ത സ്കൂളുകൾ, സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ലാത്ത സ്കൂളുകൾ, ആവശ്യത്തിന് അക്കോമഡേഷൻ ഇല്ലാത്ത സ്കൂളുകൾ ഇങ്ങനെ നാല് കാറ്റഗറിയായിട്ട് തിരിച്ചാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രയോറിട്ടി ലിസ്റ്റാണ്. ആ ലിസ്റ്റ് അനുസരിച്ച് പ്രവർത്തനങ്ങൾ ഏറെടുക്കണമെങ്കിൽ 150 കോടി രൂപ ആവശ്യമായി വരും. ബഡ്ജറ്റ് അലോക്കേഷൻ അനുസരിച്ച് കഴിഞ്ഞ വർഷവും വർക്ക് ഏറെടുത്തിട്ടുണ്ട്. ആ ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്. ലിസ്റ്റ് വേണമെങ്കിൽ തരാം.

ശ്രീ. എം. കെ. കേശവൻ : ഓരോ നിയോജകമണ്ഡലത്തിൽ നിന്നും രണ്ട് സ്ക്കൂളുകളുടെ പേര് എം. എൽ. എ. മാരോട് ചോദിച്ചിരുന്നു. അങ്ങനെ എഴുതി കൊടുത്ത രണ്ട് സ്ക്കൂളിനുപകരം ഒരു സ്ക്കൂൾ കെട്ടിടമേ എന്റെ നിയോജകമണ്ഡലത്തിൽ അനുവദിച്ചുള്ളൂ. എന്നാൽ വേറെ ചില ജില്ലകളിൽ മൂന്ന് നാല് സ്ക്കൂളുകൾ അനുവദിച്ച സ്ഥിതി ഉണ്ടായിട്ടുണ്ട്. ഓരോ നിയോജകമണ്ഡലത്തിലേയും എം. എൽ. എ. മാരോട് രണ്ട് സ്ക്കൂൾ കെട്ടിടത്തിന്റെ പേര് എഴുതിക്കൊടുക്കാൻ പറഞ്ഞിട്ട് എഴുതിക്കൊടുത്തപ്പോൾ അനുവദിച്ചത് ഒന്നായി ചുരുങ്ങാനുള്ള കാരണമെന്താണ് ?

ശ്രീ. ടി. എം. ജേക്കബ് : ഈ സ്കീമിൽ കോട്ടയം ജില്ലയിൽ 22 സ്ക്കൂളുകൾ ഏറെറടുത്തിട്ടുണ്ട്. അതിൽ വിവേചനമൊന്നും കാണിച്ചിട്ടില്ല. കാനം രാജേന്ദ്രന്റെ നിയോജകമണ്ഡലം പരിശോധിക്കുക. അങ്ങയുടെ കക്ഷിയിലെ എം. എൽ. എ. ആണ് കാനം രാജേന്ദ്രൻ. ചില നിയോജക മണ്ഡലങ്ങളിൽ ഒന്നായിപ്പോയിട്ടുണ്ട്. ചിലയിടത്ത് രണ്ടിൽ കൂടുതൽ വന്നിട്ടുണ്ട്. എം. എൽ. എ. മാർ തന്ന ലിസ്റ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മാർക്ക് അയച്ചുകൊടുത്തിരുന്നു. അതുകൂടി നോക്കിയതിനുശേഷമാണ് ഈ വർക്ക് ഏറെടുത്തിട്ടുള്ളത്. പണം ഇനിയും ലഭ്യമാകുകയോ മിച്ചം വരുകയോ ചെയ്താൽ അദ്ദേഹം പറഞ്ഞ വർക്ക് ഏറെടുക്കാം.

ശ്രീ. എം. കെ. കേശവൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് തെറിദ്ധാരണയുളവാക്കുന്ന തരത്തിലാണ്. കോട്ടയം ജില്ലയിൽ 22 കെട്ടിടങ്ങൾ അനുവദിച്ചപ്പോൾ വൈക്കത്ത് അത് ഒന്നായി കുറഞ്ഞത് ഏത് തത്വം അനുസരിച്ചാണ്? ചില സ്ഥലങ്ങളോട് ചില പ്രത്യേക പരിഗണന കാണിക്കുകയും വൈക്കത്തോട് അവഗണന കാണിക്കുകയും ചെയ്യുന്നു. അവിടെ അത് ഒന്നായി കുറയാൻ കാരണമെന്താണ്?

ശ്രീ. ടി. എം. ജേക്കബ് : ഇതിൽ വിവേചനം കാണിച്ചിട്ടില്ല. അദ്ദേഹത്തിന്റെ കക്ഷിയിലുള്ള എം. എൽ. എ. യുടെ കാര്യമാണ് ചൂണ്ടിക്കാണിച്ചത്. പത്ത് നിയോജകമണ്ഡലങ്ങളിൽ 22 സ്ക്കൂളുകൾ അനുവദിച്ചിട്ടുണ്ട്. ഈ ഭാഗത്തിരിക്കുന്ന ആളുകളുടേയും ഒരു സ്ക്കൂൾ എടുത്ത നിയോജകമണ്ഡലങ്ങളുണ്ട്. മന്ത്രിമാരുടെ തന്നെ നിയോജകമണ്ഡലങ്ങളിൽ ഒരു സ്ക്കൂൾ പോലും എടുക്കാത്തതുണ്ട്. വൈക്കം നിയോജകമണ്ഡലത്തിൽ ഇനിയും സ്ക്കൂൾ കെട്ടിടങ്ങൾ ആവശ്യമാണ് എന്നറിയാം. പണത്തിന്റെ ലഭ്യതയനുസരിച്ച് വേണ്ട സഹായം ചെയ്യാം.

ശ്രീ. എം. കെ. കേശവൻ : വെള്ളപ്പൊക്കത്തിന് കിട്ടിയ പണം ഉപയോഗിച്ചാണ് ഇത് ചെയ്യുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ സ്ക്കൂൾ കെട്ടിടം ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് നല്ലതുപോലെ ബോദ്ധ്യമുണ്ട്. അതുകൊണ്ടാണ് രണ്ട് സ്ക്കൂൾ അനുവദിക്കേണ്ട സ്ഥാനത്ത് ഒന്ന് അനുവദിച്ചത്. പണത്തിന്റെ ലഭ്യതയനുസരിച്ച് അനുവദിക്കാമെന്ന് പറയുന്നത് ശരിയല്ല. അടുത്ത വെള്ളപ്പൊക്കമുണ്ടാകുമെന്ന് പ്രതീക്ഷിക്കാൻ സാധിക്കുകയില്ല. ഇപ്പോഴുള്ള പണമുപയോഗിച്ച് വൈക്കത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ്. സ്കൂളിന് കെട്ടിടം പണിയാനുള്ള അനുവാദം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്.: ഞാൻ ആദ്യം തന്നെ പറഞ്ഞു, വെള്ളപ്പൊക്കത്തിന് കിട്ടിയ പണം മുഴുവൻ അലോട്ട് ചെയ്തിട്ടുണ്ട് എന്ന്. ചില സ്ഥലങ്ങളിൽ പി. ടി. എ. ജോലി ഏറെടുത്തിട്ട് ചെയ്യാത്തതുമുണ്ട്. അങ്ങനെ എവിടെയെങ്കിലും പണം മിച്ചമായത് ലഭ്യമാകുകയാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിൻെറ ഭാഗമായി 327 ലക്ഷം രൂപ നമ്മുടെ സംസ്ഥാനത്തിലെ മോശമായ സർക്കാർ വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾക്കുവേണ്ടി അനുവദിച്ചിരിക്കുന്നുവെന്നുപ്രഖ്യാപിച്ചു. ഞങ്ങളോട് രണ്ട് സ്കൂളിൻെറ പേര് ചോദിക്കുകയും ഞങ്ങൾ കൊടുക്കുകയും ചെയ്തു. കോട്ടയം ജില്ലയിൽ 22 സ്കൂൾ ഏറെടുത്തുവെന്നുപറഞ്ഞു. പാലക്കാട് ജില്ലയിൽ എത്ര സ്കൂളുകളാണ് ഏറെടുത്തത്? ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ സ്കൂളുകൾ ഏറെടുത്തത്?

ശ്രീ. ടി. എം. ജേക്കബ്: പാലക്കാട് ജില്ലയിൽ 12 സ്കൂളുകളാണ് ഏറെടുത്തിട്ടുള്ളത്. ഏറ്റവും കൂടുതൽ സ്കൂളുകൾ ഏറെടുത്തിട്ടുള്ളത് തിരുവനന്തപുരം ജില്ലയിലാണെന്ന് തോന്നുന്നു. ആകെ 222 സ്കൂളുകളുണ്ട്. അതിൻെറ ലിസ്റ്റ് എൻെറ കയ്യിലുണ്ട്. സീരിയൽ നമ്പർ ഒന്നു മുതൽ 222 വരെയാണ് ഇട്ടിരിക്കുന്നത്. അതുകൊണ്ട് പെട്ടെന്ന് പറയാൻ സാധിക്കുകയില്ല. ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ: മലബാർ മേഖലയിലുള്ള സർക്കാർ വിദ്യാലയങ്ങളിൽ ബഹുഭൂരിപക്ഷവും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ആ വിദ്യാലയങ്ങൾക്കൊക്കെ സ്വന്തമായി കെട്ടിടമുണ്ടാക്കേണ്ടതാണെന്നു നിരവധി തവണ ഞാനും, മലബാർ ഭാഗത്തെ മറ്റ് പല മെമ്പർമാരും ഈ അസംബ്ലിയിൽ നിവേദനം ഉന്നയിച്ചിട്ടുള്ളതാണ്. സ്വന്തമായി കെട്ടിടമില്ലാത്ത സർക്കാർ വിദ്യാലയങ്ങളുടെ ദയനീയ സ്ഥിതിക്ക് പരിഹാരം കാണാമെന്ന് മന്ത്രിമാർ ആവർത്തിച്ച് ഉറപ്പു തന്നിട്ടുള്ളതാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പെടുത്തി കെട്ടിടം പണിയുന്നതിന് 325 ലക്ഷം ഉറുപ്പിക ഉണ്ടായിട്ടും കേവലം 12 സ്കൂളുകൾക്ക് മാത്രമാണ് പാലക്കാട് ജില്ലയിൽ അനുവദിച്ചിട്ടുള്ളത്. ഇത് നീതീകരിക്കാവുന്നതല്ല. ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കുന്നതിന് ഇനി എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തുമ്പോഴെങ്കിലും പരിഗണന കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളെ സംബന്ധിച്ചിടത്തോളം മറ്റാളുകളുടെ സ്ഥലങ്ങളിലാണ് ആ കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്നത്. ഇവിടെ അനുവദിച്ച പണം ഉപയോഗിച്ച് കെട്ടിടം പണിയുവാൻ കഴിയുകയില്ല. ഗവൺമെൻറ് ഇതിനുവേണ്ടി ഒരു പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കെട്ടിടങ്ങളില്ലാത്ത സ്കൂളുടെ കണക്കുകൾ ഇതിൽ വരുന്നുണ്ട്. മലബാർ പ്രദേശങ്ങളിലാണ് അങ്ങനെയുള്ള വിദ്യാലയങ്ങൾ വളരെയധികം വന്നിട്ടുള്ളത്. ഇക്കാര്യത്തിനു വേണ്ടി 150 കോടി രൂപ ലഭ്യമാക്കേണ്ടതുണ്ട്. ഞാൻ പറഞ്ഞതുപോലെ മുൻഗണനാക്രമം അനുസരിച്ചു ചെയ്യുന്നതാണ് പ്രയോറിറ്റി ലിസ്റ്റിൽ മുൻഗണന കിട്ടിയിരിക്കുന്നത്. മലബാർ പ്രദേശത്തിനാണ് മുൻഗണനാക്രമമനുസരിച്ച് ആ ജോലികൾ ഏറെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കുമാരൻ : മലബാർ പ്രദേശത്ത് മിക്ക ഗവൺമെൻറ് സ്കൂളുകളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതിനനുസരിച്ച് കൂടുതൽ തുക പ്രളയ ബാധിത ഫണ്ടിൽ നിന്നു മലബാർ ഭാഗത്തേക്ക് അലോട്ട് ചെയ്യേണ്ടതല്ലേ?

ശ്രീ. ടി. എം. ജേക്കബ് : മലബാർ പ്രദേശത്തോട് യാതൊരുവിധത്തിലുള്ള അവഗണനയും കാണിച്ചിട്ടില്ല. കോഴിക്കോട്ട് 22 സ്കൂളുകളും എടുത്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലും ഏകദേശം അത്രയും തന്നെ സ്കൂളുകളും എടുത്തിട്ടുണ്ട്. അങ്ങനെ മലബാർ പ്രദേശത്തോട് നീതി പുലർത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ സ്കൂളുകൾക്കുവേണ്ടി വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്ന് അനുവദിച്ചിരിക്കുന്നത് ഓരോ സ്കൂളിനും ഓരോ ലക്ഷം രൂപയാണ്. 222 സ്കൂളുകളുണ്ട് 222 ലക്ഷം രൂപയുമുണ്ട്.

ശ്രീ. പി. കുമാരൻ : മണ്ണാർക്കാട് താലൂക്കിലെ പിന്നോക്ക പ്രദേശമായ അട്ടപ്പാടി മേഖലയിൽ നിന്ന് ഇത്തരത്തിൽ എതെങ്കിലും സ്കൂൾ ഏറ്റെടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൻെറ വ്യക്തമാക്കാമോ? പുതൂർ ഗവൺമെൻറ് സ്കൂളിൽ ഇതുവരെ യാതൊരു നടപടിയും എടുത്തു കാണുന്നില്ല. അതിൻെറ കാരണമെന്താണെന്നു വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : ആ നിയോജക മണ്ഡലത്തിലെ 12 സ്കൂളുകളും എടുത്തിട്ടുണ്ട്. ഞാൻ അവയുടെ പേരു വായിക്കാം. കീഴാറൂർ, തൃത്താല- ഒറ്റപ്പാലം, കുഞ്ഞിക്കോട് ചിറ്റൂർ, മുച്ചൻകുഞ്ഞ്, കൊഴിഞ്ഞാമ്പാറ, കല്ലിങ്ങൽപ്പാടം, കാക്കത്തോട്, കണകൻ തുരുത്തി, അണക്കര, കൊണ്ടുമുണ്ട, കോഴിപ്പാറ എന്നിവയാണ് ആ സ്കൂളുകൾ.

ശ്രീ. പി. കുമാരൻ : മണ്ണാർക്കാട് താലൂക്കിലെ ഒരു സ്കൂളും എടുത്തതായി ഇതിൽ കാണുന്നില്ല. പ്രത്യേകിച്ചും എം. എൽ. എ. മാർക്ക് അനുവദിച്ചിട്ടുള്ള സ്കൂളുകളായ ഒറശ്ശേരി വില്ലേജിലെ കാഞ്ഞിരം സ്കൂളും, പൊതുക്കുടിയിലെ പുതൂർ സ്കൂളും.

ശ്രീ. ടി. എം. ജേക്കബ് : എന്തുകൊണ്ടാണ് അത് വിട്ടുപോയതെന്നു പ്രത്യേകമായി അന്വേഷിക്കാം.

ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : ഈ പദ്ധതിയുടെ ലിസ്റ്റുണ്ടാക്കുമ്പോൾ ഞാൻ എം. എൽ. എ. ആയിരുന്നില്ല. അതുകൊണ്ട് ഈ പദ്ധതിയിൽപ്പെടുത്തി റാന്നിയിലെ രണ്ടു സ്കൂളുകൾ കൂടി നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ടി. എം. ജേക്കബ് : അതു പ്രത്യേകമായി പരിഗണിക്കാം.

ശ്രീ. കെ. കെ. തോമസ് : കഴിഞ്ഞ പ്രകൃതി ക്ഷോഭത്തിൽ എൻെറ നിയോജക മണ്ഡലത്തിലെ ഏതാണ്ട് എല്ലാ സ്കൂളുകൾക്കും സാരമായ കേടുപാട് സംഭവിച്ചു. 2 സ്കൂളുകൾക്ക് എഴുതിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് എഴുതിക്കൊടുത്ത 2 സ്കൂളുകളുടെ പണി നടക്കുന്നുണ്ട്. മറ്റ് ചില സ്കൂളുകൾ കൂടി കാര്യമായ ധനസഹായം അനുവദിക്കണം കോട്ടമല എൽ. പി. സ്കൂളിന് പണം അനുവദിക്കാമെന്നു വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് പറഞ്ഞിട്ടുണ്ട്. എന്നാൽ നാളിതുവരെ ആ പണം അനുവദിച്ചിട്ടില്ല. പിന്നോക്കപ്രദേശമായ അവിടെ കെട്ടിടം നിർമ്മി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനു കൂടി 50,000 രൂപ പി. ടി. എ. യെക്കൊണ്ട് അനുവദിപ്പിക്കുന്നതിന് വിദ്യാഭ്യാസവകുപ്പു മന്ത്രി ദയവായി തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ് : ഇടുക്കി ജില്ലയിലെ 14 സ്ക്കൂളുകൾ ഏറെറടുത്തിട്ടുണ്ട്. അതിൽത്തന്നെ രണ്ടെണ്ണമൊഴിച്ചാൽ ബാക്കി മുഴുവൻ ഹൈറേഞ്ച് പ്രദേശത്താണ് എടുത്തിട്ടുള്ളത്.

ശ്രീ. എം. വി. രാഘവൻ : ഒരു എം. എൽ. എയ്ക്ക് 2 സ്ക്കൂൾ അനുവദിക്കുന്നതിന് അഴിമതിയുണ്ടെന്നാണ് തോന്നുന്നത്. അല്ലെങ്കിൽ ഇതൊരു ബ്ലാക്ക് മെയിലിംഗ് സിസ്റ്റമാണ്. എം. എൽ. എ. മാരോട് 2 സ്ക്കൂളുകൾ എഴുതിക്കൊടുക്കാൻ ആവശ്യപ്പെടുക, എന്നിട്ട് കൊടുക്കാതിരിക്കുക. ചിലർക്ക് ഒരു സ്ക്കൂൾ കൊടുക്കും ചിലർക്ക് 2 സ്ക്കൂൾ കൊടുക്കും. ചിലർക്ക് ഒരുപോലെ സ്ക്കൂളും അനുവദിക്കാതിരിക്കും. എം എൽ. എ. മാർ എഴുതിക്കൊടുത്ത രണ്ട് സ്ക്കൂളുകളും എടുത്തു കഴിഞ്ഞാൽ പിന്നെ ഒരു 100 സ്ക്കൂൾ എടുത്താലും എനിക്ക് എതിരില്ല. ഒരു എം. എൽ. എ. യോട് രണ്ട് സ്ക്കൂൾ എഴുതിക്കൊടുക്കാൻ പറഞ്ഞിട്ട് അത് എടുക്കാതെ വേറെ നാലെണ്ണം എടുക്കുന്നത് അഴിമതിയാണ്. അങ്ങനെയാണെങ്കിൽ എം. എൽ. എ. മാരോട് ലിസ്റ്റ് ചോദിക്കേണ്ടയാവശ്യമുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ഇതിനകത്ത് ഒരഴിമതിയുമില്ല. അദ്ദേഹം അങ്ങനെ പറഞ്ഞതും ശരിയല്ല. സ്ക്കൂൾ എടുത്തതിന്റെ ലിസ്റ്റ് സഭയുടെ മുമ്പാകെവച്ചിട്ടുണ്ട്. അതിൽ യാതൊരു വിവേചനവും കാണിച്ചിട്ടില്ല. ഭരണപക്ഷത്തേയും പ്രതിപക്ഷത്തേയും ചില എം. എൽ. എ. മാരുടെ നിയോജക മണ്ഡലത്തിൽ രണ്ടിൽക്കൂടുതൽ സ്ക്കൂളുകൾ എടുത്തിട്ടുണ്ട്. ചില അംഗങ്ങൾക്ക് ഒന്നും വന്നിട്ടില്ല. ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ഉള്ള യാതൊരു വിവേചനവും ഇക്കാര്യത്തിൽ കാണിച്ചിട്ടില്ല. സാധാരണ ഈ പണി ടെൻഡർ വിളിച്ചു കൊടുക്കുകയാണ് പതിവ്, ഒരു ലക്ഷം രൂപയുടെ ടെൻഡർ കെട്ടിട നിർമ്മാണപ്രവർത്തനത്തിന് കൊടുത്താൽ പലരും എടുക്കാൻ തയ്യാറാകുകയില്ല. അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ സഹകരണത്തോടെ 327 ലക്ഷം രൂപയും ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട്, 250 സ്ക്കൂളുകൾ എടുക്കുകയും ഈ ഏപ്രിൽ മാസം അവസാനത്തോടുകൂടി അത് പൂർത്തിയാകുകയും ചെയ്യും. നല്ല രീതിയിലാണ് ഈ പ്രവർത്തനം ഗവൺമെന്റു ചെയ്യുന്നത്. അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ നിർലോഭമായ സഹകരണവും ഇതിനുണ്ട്.

ശ്രീ. എം. വി. രാഘവൻ : എന്റെ ചോദ്യം ഒരു എം. എൽ. എ. യുടെ രണ്ട് സ്ക്കൂളുകളെടുക്കാമെന്നു പറഞ്ഞിട്ട്, അവർ സ്ക്കൂളുകൾക്കെഴുതിക്കൊടുത്തപ്പോൾ പല മണ്ഡലങ്ങളിലും ഒരു സ്ക്കൂൾ മാത്രം എടുക്കുകയും ചില സ്ഥലങ്ങളിൽ എം. എൽ. എ. ആവശ്യപ്പെട്ട ഒരു സ്ക്കൂൾ പോലും എടുക്കാതിരിക്കുകയും അതേസമയം മറ്റ് പല സ്ക്കൂളുകളും ആ മണ്ഡലങ്ങളിൽ തന്നെ എടുക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയാണെങ്കിൽ എം. എൽ. എ. മാരോട് എന്തിനാണ് സ്ക്കൂളുകളുടെ പേരെഴുതിക്കൊടുക്കാൻ ആവശ്യപ്പെട്ടത്?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹത്തിന്റെ ചോദ്യത്തിന് ഞാൻ മറുപടി പറഞ്ഞു, സ്ക്കൂളുകളുടെ ലിസ്റ്റ് ഞാൻ തയ്യാറാക്കുന്നതല്ല. ഇവിടെക്കിട്ടിയ സജഷൻസ് അനുസരിച്ച് ഉദ്യോഗസ്ഥൻമാരാണ് ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കുന്നത്. വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി, മുൻഗണനാക്രമം അനുസരിച്ചുതന്നെയാണോ കൊടുത്തിരിക്കുന്നതെന്നു പരിശോധിക്കണമെന്നു പറഞ്ഞിട്ടുണ്ട്. പി.ടി.എ. വിഭിംഗായി മുന്നോട്ടുവന്നില്ലെങ്കിൽ അതാത് സ്ഥലത്തെ എം. എൽ. എ. മാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ സമീപിക്കണമെന്നും പറഞ്ഞിട്ടുണ്ട്. എം.എൽ. എ. മാർ രണ്ടു സ്ക്കൂളുകളുടെ പേരു വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ കൊടുക്കുകയും അതനുസരിച്ചു ലിസ്റ്റു തയ്യാറാക്കുകയും ചെയ്തു. അതിനകത്തു യാതൊരു വിധ വിവേചനവും കാണിച്ചിട്ടില്ല.

ശ്രീ. ബേബി ജോൺ : സർ, ഉദ്യോഗസ്ഥൻമാരുടെ മേൽ പഴി ചാരുന്ന ഈ ഏർപ്പാട് അവസാനിപ്പിക്കണം. ഗവൺമെൻറിനെറ അറിവില്ലാതെ, ഗവൺമെൻറിനെറ നിർദ്ദേശമില്ലാതെ രണ്ടിൽക്കൂടുതൽ സ്ക്കൂളുകൾ ഒരു മണ്ഡലത്തിൽ കൊടുത്തിട്ടുണ്ടോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. എം. വി. രാഘവൻ : എം. എൽ. എ. മാർ ആവശ്യപ്പെട്ട രണ്ട് സ്ക്കൂളുകൾ എടുത്തിട്ട് വേറെ 100 സ്ക്കൂളുകൾ എടുത്താലും ഒരു പരാതിയുമില്ല. അല്ലെന്നുണ്ടെങ്കിൽ ഞങ്ങളോട് ചോദിക്കേണ്ട ആവശ്യമില്ലായിരുന്നു. മന്ത്രിമാരുടെ ഇഷ്ടംപോലെ ചെയ്യാമായിരുന്നു. അതിനാണ് മറുപടി കിട്ടേണ്ടത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ 2 സ്ക്കൂളുകൾക്കുവേണ്ടി ചോദിച്ചിട്ട് ഒന്നുപോലും കൊടുക്കാതെ, വേറെ സ്ക്കൂളുകൾ കൊടുത്തത് ശരിയല്ല. അതെന്തുകൊണ്ടാണെന്നാണ് ചോദ്യം.

ശ്രീ. ടി. എം. ജേക്കബ് : 2 എണ്ണം ചോദിച്ചത് മിക്കവാറും അനുവദിച്ചിട്ടുണ്ട്. 140 എം. എൽ. എ. മാരുണ്ട് അപ്പോൾ 280 സ്ക്കൂൾ വരും. 222 സ്ക്കൂളുകൾ എടുത്തിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ചിലപ്പോൾ ചില മെമ്പർമാർ എഴുതിക്കൊടുത്തത് എടുത്തില്ലെന്നുവരും. അതെന്തു കൊണ്ടാണെന്നു വിശദീകരണം ചോദിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിൻെറ കയ്യിൽ വേറൊരു പ്രയോറിറ്റി ലിസ്റ്റുമുണ്ട്. അതെടുക്കുമ്പോൾ തീർച്ചയായിട്ടും എല്ലാ എം. എൽ. എ. മാരേയും പരിഗണിക്കുന്നതായിരിക്കും. അതനുസരിച്ചു ബഡ്ജറ്റ് എമൗണ്ട് വർക്കൗട്ട് ചെയ്യാൻ കഴിയും. അതിനകത്ത് തീർച്ചയായിട്ടും എം. എൽ. എ. മാർ പറഞ്ഞിരിക്കുന്ന സ്ക്കൂളുകൾക്ക് മുൻഗണന കൊടുക്കുന്നതാണ്. അതു ഞാൻ ടേക്കപ് ചെയ്യാം.

ശ്രീ. എം. വി. രാഘവൻ : എം. എൽ. എ. എന്നുള്ള നിലയിൽ മന്ത്രിമാർ അവർക്ക് കത്തയക്കുകയും, ആ കത്തിൻെറ അടിസ്ഥാനത്തിൽ കാര്യങ്ങളൊന്നടത്താതെ വേറെ ചിലതു നടത്തുകയും ചെയ്യുന്ന സമ്പ്രദായം അവസാനിപ്പിക്കണം. അല്ലെങ്കിൽ അവർക്ക് കത്തയയ്ക്കരുത്. അതിനൊരു നടപടിയെടുക്കണം. എം. എൽ. എ. മാരെ പററിക്കരുത്.

ശ്രീ. ഇ. കെ. നായനാർ : വിവേചനം ഇല്ലെന്നു പറയുന്നത് അടിമുടി തെറ്റാണ്. തികഞ്ഞ വിവേചനമാണ് ഇവിടെനടക്കുന്നത്. എൻെറ നിയോജകമണ്ഡലത്തിലെ ഒരു വിദ്യാലയം അപ്ഗ്രേഡ് ചെയ്യാൻവേണ്ടി എഴുതിക്കൊടുത്തിട്ട് ഇതുവരെ അതു ചെയ്തിട്ടില്ല. എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പുതുശ്ശേരി പഞ്ചായത്തിൽ 95 വർഷം പഴക്കമുള്ള ഒരു സ്കൂളുണ്ട്. ഈ സ്കൂളിൽ ഞാൻ പല പ്രാവശ്യം പോയിട്ടുള്ളതാണ്. ഈ സ്കൂൾ ഇന്ന് പൊളിഞ്ഞു വീഴാറായിരിക്കുന്നു. ഞാൻ എഴുതിക്കൊടുത്തിട്ടുള്ളതാണ്. എന്നാൽ ഇതുവരെയും ഒരു നയാപൈസയും ചെലവഴിച്ചിട്ടില്ല. ഇത് വിവേചന മല്ലേയെന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ് : പുതുശ്ശേരി സ്കൂളിന്റെ കാര്യം പ്രത്യേക മായിട്ട് പരിശോധിക്കുന്നതാണ്. പ്രതിപക്ഷനേതാവെന്ന നിലയ്ക്ക് അദ്ദേഹം തന്നിട്ടുള്ള കത്ത് ബഹുമാനത്തോടെ സ്വീകരിക്കുകയും നടപടി യെടുക്കുകയും ചെയ്തിട്ടുണ്ടെന്നാണ് എന്റെ ഉത്തമവിശ്വാസം. എം. എൽ. എ.മാർ എഴുതിത്തന്ന സ്കൂളുകളിൽ വിവേചനം കാണിച്ചുവെന്ന് അദ്ദേഹം പറയുകയുണ്ടായി. ഞങ്ങൾ അന്വേഷിച്ച പല സ്ഥലങ്ങളിലും എം. എൽ. എ.മാർ പറഞ്ഞ പല സ്കൂളുകൾക്കും കെട്ടിടങ്ങൾ ആവശ്യമില്ലെന്നാണ് ഔദ്യോഗികമായി റിപ്പോർട്ട് കിട്ടിയിരിക്കുന്നത്. അങ്ങനെ ഏതെല്ലാം സ്ഥല ങ്ങളിൽനിന്ന് കിട്ടിയിട്ടുണ്ട് എന്നത് അങ്ങയെ ബോദ്ധ്യപ്പെടുത്തുന്നതിന് ഞാൻ തയ്യാറാണ്. ഔദ്യോഗികമായി കിട്ടിയിരിക്കുന്ന റിപ്പോർട്ടാണ്. അതുപോലെതന്നെ എം. എൽ. എ.മാർ സജസ്റ്റ് ചെയ്ത ചില സ്ഥല ങ്ങളിൽ പി. ടി. എ. വർക്ക് ഏറ്റെടുക്കാൻ തയ്യാറല്ലെന്നും പറഞ്ഞിട്ടുണ്ട് അങ്ങനെ വരുന്ന സാഹചര്യങ്ങളിലാണ് ചില സ്ഥലങ്ങൾ മാറിയിട്ടുള്ളത്. ചില സ്ഥലങ്ങളിൽ പി. ടി. എ. വില്ലിങ്ങ് അല്ലെന്ന് രേഖാമൂലം അറിയിച്ചു. എം. എൽ. എ.മാർ സജസ്റ്റ് ചെയ്ത ചില സ്ഥലങ്ങളിൽതന്നെ കെട്ടിടം ആവശ്യമില്ലെന്നും ഔദ്യോഗികമായി റിപ്പോർട്ട് കിട്ടിയിരിക്കുകയാണ്. ഇതു രണ്ടും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. മറച്ചുവയ്ക്കുവാൻ ആഗ്രഹവുമില്ല.

ശ്രീ. ടി. എസ്. ജോൺ : എം. എൽ. എ.മാരോട് ലിസ്റ്റ് ആവശ്യ പ്പെട്ടതിന്റെ ഫലമായി എം. എൽ. എ.മാർ പറഞ്ഞിട്ടുള്ള പല സ്കൂളുകളും എടുത്തിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ വെള്ളപ്പൊക്ക കാലഘട്ടത്തിൽ പല സ്കൂളുകൾക്കും നാശനഷ്ടങ്ങൾ സംഭവി ച്ചിട്ടുണ്ട്. ഉദാഹരണമായി എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ആഞ്ഞിലി ത്താനം സ്കൂൾ കഴിഞ്ഞ വെള്ളപ്പൊക്കസമയത്തു നശിച്ചുപോയതാണ്. അത് ഇതുവരെയും നന്നാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് എം. എൽ. എ.മാരുടെ ലിസ്റ്റിന് മുൻഗണന കൊടുത്തതിന്റെ അടിസ്ഥാനത്തിൽ വെള്ളപ്പൊക്ക കാലഘട്ടത്തിൽ തകർന്നുവീണതും വീഴാറായതുമായ സ്കൂളുകൾ ഇനിയെ കിലും ഏറ്റെടുത്ത് അവയ്ക്ക് മുൻഗണന കൊടുക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : വെള്ളപ്പൊക്കക്കെടുതിയുടെ ഫലമായി നാശം സംഭവിച്ച എല്ലാ സ്കൂളുകളും ഏറ്റെടുത്തിട്ടുണ്ട്. ഏതെങ്കിലും സ്കൂൾ അങ്ങനെ എടുക്കാതെയായിട്ടുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ പ്രത്യേകമായി പരിശോധിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട രണ്ടു സ്കൂളുകൾക്ക്—വാണീവിലാസം ഹൈസ്കൂൾ, കോട്ടത്തുരുത്ത്, പട്ടണക്കാട് കോ-ഓപ്പറേറ്റീവ് ഹൈസ്കൂൾ. പട്ടണക്കാട്—കെട്ടിടവുമില്ല, സ്ഥല സൗകര്യവുമില്ല. വാണീവിലാസത്തിൽ സ്ഥലം വാങ്ങിക്കണമെന്ന ഗവൺമെന്റു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പി. ടി. എ. സ്ഥലവും വാങ്ങിച്ചു. എന്നാൽ രണ്ടു കെട്ടിടങ്ങളും പണിയാനായിട്ട് എടുത്തിട്ടില്ല,

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടം ആവശ്യമില്ലെന്ന് പറഞ്ഞിട്ടുള്ളതായ ലിസ്റ്റിൽ ഈ രണ്ടു സ്കൂളുകളും പെടുമോ ?

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞിട്ടുള്ള സ്കൂളുകളും ഏറെറടുത്തിട്ടുണ്ട് എന്നതാണ് എന്റെ ഉത്തമ വിശ്വാസം. ഒന്നുകൂടി ആ കാര്യം പരിശോധിക്കുന്നതാണ്. ഇവിടെ എം. എൽ. എ. മാർ തന്നതിൽ കെട്ടിടം ആവശ്യമില്ലാത്ത സ്ഥലങ്ങളും ഉണ്ട് എന്നാണ് ഞാൻ പറഞ്ഞത്. ഗൗരിയമ്മ പറഞ്ഞ സ്കൂളുകളും ഇതിനകത്ത് പെടുമോയെന്നത് പ്രത്യേകമായിട്ട് പരിശോധിച്ചിട്ട് അറിയിക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി : ഗവൺമെൻറിന്റെതന്നെ നിർദ്ദേശമുണ്ട് കെട്ടിടം ആവശ്യമായതുകൊണ്ട് സ്ഥലംവാങ്ങിച്ച് കൊടുക്കണമെന്ന്. വാണിവിലാസത്തിൽ സ്ഥലം വാങ്ങിച്ചിട്ടിരിക്കുന്നു. കോ-ഓപ്പറേറീവ് ഹൈസ്കൂളിനും സ്ഥലമുണ്ട്. കെട്ടിടമില്ലെന്നു പറയുമ്പോൾ പരിശോധിക്കാമെന്നു പറയുന്നതിൽ എന്താണർത്ഥം ?

ശ്രീ. ടി. എം. ജേക്കബ് : സർക്കാർ സ്കൂളുകൾക്ക് നമ്മൾ ഉണ്ടാക്കിയിരിക്കുന്ന പ്രയോറിട്ടി ലിസ്റ്റ് അനുസരിച്ച് കെട്ടിടം നിർമ്മിക്കണമെങ്കിൽ 150 കോടി രൂപ വേണം. ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പ്രകടിപ്പിക്കുന്ന വികാരം ശരിയാണ്. പല സ്കൂളുകൾക്കും കെട്ടിടമില്ല. സ്ഥലമുള്ളിടത്തു കെട്ടിടമില്ല. പലതും ശോചനീയാവസ്ഥയിലാണ്. അത് പരിഹരിക്കാൻ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഗൗരിയമ്മ പറഞ്ഞ വാണിവിലാസം സ്കൂൾ എനിക്ക് കൃത്യമായിട്ട് അറിഞ്ഞുകൂടാ ? പ്രത്യേകമായിട്ട് പരിശോധിച്ച് ആ കാര്യങ്ങൾ തീരുമാനിക്കാമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മൂർച്ചിനിക്കര ഗവൺമെൻറ് യു. പി. സ്കൂളിൽ കുട്ടികൾക്ക് കളിക്കാനുള്ള ഒരു ഗ്രൗണ്ട് നികത്താത്തതുകൊണ്ട് വലിയ ബുദ്ധിമുട്ടാണുണ്ടായിരിക്കുന്നത്. ഞാൻ പല പ്രാവശ്യം മന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുള്ളതാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് കിട്ടിയ ഫണ്ടിൽനിന്നും ഒരു ലക്ഷം രൂപ മുടക്കി എത്രയും പെട്ടെന്ന് ആ ഗ്രൗണ്ട് പണിയണം. കുട്ടികൾ തൊട്ടടുത്ത പി. ഡബ്ളിയു. ഡി. റോഡിലാണ് കളിക്കുന്നത്. ഇത് അപകടകരമായ സ്ഥിതിയാണ്. അതുകൊണ്ട് ഗ്രൗണ്ട് ഉണ്ടാക്കുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ഇവിടെ സൂചിപ്പിച്ച 222 സ്കൂളുകൾക്കു പുറമേ ഏതാനും വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണികൾ കൂടി ഏറെറടുത്തിട്ടുണ്ട്. അതിനകത്ത് ചില സ്കൂളുകളുടെ റീട്ടെയിനിങ് വാൾ, ചിലതിന്റെ അറ്റകുറ്റപ്പണികൾ എന്നിവ നടത്തിയിട്ടുണ്ട്. അതിന്റെയെല്ലാം ലിസ്റ്റ് കൃത്യമായിട്ടില്ല. ഏതായാലും അദ്ദേഹം പറഞ്ഞ കാര്യങ്ങൾ പ്രത്യേകമായിട്ട് പരിശോധിക്കാം.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, പി. ടി. എ. ഏറെറടുത്തിരിക്കുന്ന ജോലി ഈ 31-ാം തീയതികൊണ്ട് പൂർത്തിയാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു പരമാവധി വന്നാൽ ഏപ്രിൽ വരെയെന്ന്. ഇതിന്റെ കരാറുകാർക്ക് എത്ര രൂപ കൊടുക്കാനുണ്ട് ? പി. ടി. എ. ഏറെറടുത്തിട്ടുള്ള ജോലി വളരെ വലുതാണ്. അവർക്ക് കരാറുകാരെപ്പോലെ കാത്തുനിൽക്കേണ്ടിവന്നാൽ വളരെ ബുദ്ധിമുട്ടുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

അക്കാര്യം പരിശോധിച്ചിട്ടുണ്ടോ ? വെള്ളപ്പൊക്ക ദുരിതാശ്വാസ സംഖ്യയുടെ പരിമിതി വച്ചുകൊണ്ട് ഈ സമിതികൾക്ക് നാളെ ഇതൊരു ബാദ്ധ്യതയാകാതിരിക്കാൻ വല്ല മുൻകരുതലുകളും എടുത്തിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, മുപ്പതിനായിരം രൂപയുടെ ജോലികളാണ് പി. ടി. എ. ചെയ്യുന്നത്. ബാക്കി എഴുപതിനായിരം രൂപയ്ക്കുള്ള സാധനങ്ങൾ സപ്ലൈ ചെയ്യുകയാണ് ചെയ്യുന്നത്. മുപ്പതിനായിരം രൂപയുടെ ജോലി മിക്കവാറും പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതെങ്കിലും സ്ഥലത്ത് പണി പൂർത്തിയാകാതെ വന്നാൽ അവർക്ക് എക്സ്റ്റൻഷൻ കൊടുക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. വി. ദിനകരൻ : സർ, സ്കൂൾ കെട്ടിടം പണിയണമെന്നുള്ള ആവശ്യം എം. എൽ. എ. മാരായ ഞങ്ങളൊന്നും ആവശ്യപ്പെട്ടതല്ല. ബഹുമാനപ്പെട്ട മന്ത്രി ഇങ്ങോട്ട് കത്തയച്ച് അറിയിച്ചതാണ്. അതനുസരിച്ച് ലിസ്റ്റ് വന്നു. ഡി. ഡി., പി. ടി. എ. യോട് വിളിച്ചുചോദിച്ചു, അവർ വില്ലിംഗ്നെസ് വച്ചു. അതിനുശേഷം ലിസ്റ്റ് വന്നപ്പോൾ എം. എൽ. എ. മാർ ആവശ്യപ്പെട്ട സ്കൂളില്ല. ഇപ്പോൾ എം. എൽ. എ. മാർക്ക്, അവിടെ ചെല്ലാൻ നിവർത്തിയില്ല. കാരണം, വിളിച്ചുണർത്തിയിട്ട് അത്യാഴമില്ലെന്നു പറയുന്നതുപോലെ ആണിത്. ഡി. ഡി യുടെ പേരിൽ അവർ കേസുകൊടുക്കാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഈ ദുർഘടത്തിൽനിന്ന് രക്ഷപ്പെടാൻ ബഹുമാനപ്പെട്ട മന്ത്രി എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്നു പറയാമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ എം. എൽ. എ. മാരെ ബുദ്ധിമുട്ടിക്കാൻ ചെയ്തതൊന്നുമല്ല. ഞാൻ എം. എൽ. എ. മാർക്ക് രഹസ്യമായിട്ട് അയച്ചതാണ്; അത് പരസ്യപ്പെടുത്താൻ ആർക്കും കൊടുത്തിട്ടില്ല. എങ്ങനെയോ ഇതു പുറത്തുവരികയും ചെയ്തു. അതുകൊണ്ട് എം. എൽ. എ. മാർക്ക് ഇതിൽ ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെന്ന് പറയുന്നു. അവരുടെ ബുദ്ധിമുട്ടുകൾ കഴിയുന്നിടത്തോളം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. പ്രയോറിട്ടി ലിസ്റ്റിൽ മിക്കവാറും എല്ലാ സ്കൂളുകളും വന്നിട്ടുണ്ട്. ഇനി ഫ്ളഡ് റിലീഫിനു കഴിച്ചിട്ട് ബാക്കിയുള്ള ജോലികൾ ഏറ്റെടുക്കുമ്പോൾ തീർച്ചയായും എം. എൽ. എ. മാർ ഇപ്പോൾ തന്നിരിക്കുന്ന സ്കൂളുകൾക്ക് മുൻഗണന കൊടുക്കുന്നതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എം. എൽ. എ. മാർ അയച്ച ലിസ്റ്റിൽനുന്നും ആവശ്യമുള്ള സ്ഥലത്തൊക്കെ സ്കൂളുകൾ കൊടുത്തിട്ടുണ്ടെന്ന്. എന്നാൽ വടകര നിയോജകമണ്ഡലത്തിൽ നിന്നും ഏറാമല പഞ്ചായത്തിലെ ഓർക്കാട്ടേരി ഹൈസ്കൂളിനെയും, വടകര മുനിസിപ്പൽ ടൗണിലെ പുത്തൂർ ഗവൺമെന്റ് ഹൈസ്കൂളിനെയും സംബന്ധിച്ചാണ് എനിക്ക് ചോദിക്കാനുള്ളത്. ഓർക്കാട്ടേരി ഹൈസ്കൂളിനെ സംബന്ധിച്ചിടത്തോളം പി. ടി. എ. യ്ക്ക് വർക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട്. മറ്റേ സ്കൂളിനെ സംബന്ധിച്ചിടത്തോളം ഇതുവരെ യാതൊരു നടപടിയും എടുത്തിട്ടില്ല. എന്നു മാത്രമല്ല, ആ സ്കൂളുകൾ അഞ്ചുകൊല്ലങ്കാക്കുമുമ്പ് തുടങ്ങിയപ്പോൾ പി. ടി. എ. കെട്ടിടം കെട്ടിക്കൊടുക്കണമെന്നു പറഞ്ഞു. അതുകഴിഞ്ഞാലേ ഗവൺമെന്റ് കെട്ടിടം കെട്ടുകയുള്ളുവെന്നാണ് നിർദ്ദേശം. അങ്ങനെ പി. ടി. എ. അവിടെ കെട്ടിടം കെട്ടിക്കൊടുത്തു. അത് ഇപ്പോൾ അപര്യാപ്തമാണ്. ഗവൺമെന്റിന്റെ കെട്ടിടം കമ്മിറ്റ്മെന്റ് പ്രകാരം കെട്ടേണ്ടതാണ്. ആ കമ്മിറ്റുമെന്റിനുപരിയായിട്ട് ഈ നിർദ്ദേശപ്രകാരം ഞാൻ എഴുതിക്കൊടുത്തു. എന്നിട്ടും യാതൊന്നും ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

വടകര മുനിസിപ്പൽ ടൗണിലെ പുത്തൂർ ഗവൺമെന്റ് ഹൈസ്കൂളിന് അടിയന്തിരമായി കെട്ടിടം കെട്ടാനുള്ള ഏർപ്പാട് പി. ടി. എ.യ്ക്ക് ഏൽപ്പിച്ചു കൊടുക്കുമോയെന്ന് ഞാൻ ചോദിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ് : കോഴിക്കോട് ജില്ലയിലെ പത്തൊൻപതു സ്കൂളുകളുടെ വർക്കുകം ഫ്ളഡ് റിലീഫ് വർക്കിൽ ഏറെറടുത്തിട്ടുണ്ട്. അതിനുപുറമെ, പത്തു സ്കൂളുകളുടെ അറകുറപ്പണികംകൂടി ഏറെറടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിലുള്ള ഒരു വർക്കും ഏറെറടുത്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞ മറേറ വിദ്യാലയത്തിന്റെ കാര്യം പ്രത്യേകം പരിഗണിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. ടി. അഹമ്മദാലി : സർ, ദുരിതാശ്വാസ സഹായമുപയോഗിച്ച് ചെയ്യുന്ന സ്കൂംകെട്ടിടങ്ങളുടെ കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ രണ്ട് വിദ്യാലയങ്ങം ആവശ്യപ്പെട്ടപ്പോം ഒരെണ്ണം മാത്രം അനുവദിച്ചുവെന്നു പറയുമ്പോം, എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് വിദ്യാലയങ്ങം ആവശ്യപ്പെട്ടിട്ട് ഒരു വിദ്യാലയംപോലും ഈ പദ്ധതിയിൽ പെടുത്തിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി പക്ഷപാതപരമായി പെരുമാറിയെന്നു ഞാൻ പറയുന്നില്ല. എങ്കിലും ഞാൻ കൊടുത്ത രണ്ട് വിദ്യാലയങ്ങളുടെ കാര്യവും ഈ പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഇതിൽ ഭാഗികമായ കുറ്റം മെമ്പറുടെ ഭാഗത്തുമുണ്ട്. കാരണം, വളരെ വൈകിയാണ് പേരെഴുതി എന്റെ കയ്യിൽ തന്നത്. ബഹുമാനപ്പെട്ട അഹമ്മദാലിയുടെ നിയോജകമണ്ഡലമായ ആലുവയിൽ ഒരു പണിയും ഇതുവരെ ഏറെറടുത്തിട്ടില്ല. അങ്ങനെ ഒരു പണിയും എടുക്കാത്ത നിയോജകമണ്ഡലങ്ങം വളരെ ചുരുക്കമാണ്. അങ്ങനെയുള്ള കാര്യം വളരെ പ്രത്യേകമായി പരിഗണിച്ച് വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. സി. ടി. കൃഷ്ണൻ : സർ, പാലക്കാട് ജില്ലയിലാകെ പതിനൊന്ന് നിയോജകമണ്ഡലങ്ങളാണുള്ളത്. ഒന്ന്, ഭരണപക്ഷത്തിനും പത്തെണ്ണം പ്രതിപക്ഷത്തിനുമാണ്. അവിടെ ആകെ അനുവദിച്ചത് പന്ത്രണ്ട് സ്കൂം കെട്ടിടങ്ങളാണ്. ഇരുപത്തിരണ്ട് കെട്ടിടങ്ങളാണ് അനുവദിക്കേണ്ടിയിരുന്നത്. വിദ്യാഭ്യാസപരമായി ഈ സ്ഥാനത്ത് ഏറവും പിന്നോക്കം നിൽക്കുന്ന ജില്ലയാണ് പാലക്കാട് ജില്ലയെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. വിദ്യാഭ്യാസ സൗകര്യങ്ങം മെച്ചപ്പെടുത്താൻ കെട്ടിടങ്ങംകൂടി ആവശ്യമാണ്. അതുകൊണ്ട് ഈ വിവേചനം അവസാനിപ്പിച്ച് പാലക്കാട് ജില്ലയിൽ കൃത്യമായി നിർമ്മിക്കാമെന്ന് മന്ത്രി പറഞ്ഞ വാക്ക് നിറവേറുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?.

ശ്രീ. ടി. എം. ജേക്കബ് : പന്ത്രണ്ട് സ്കൂളുകളുടെ പണിയാണ് ഈ സ്കീമിൽ എടുത്തിട്ടുള്ളത്. കുറെ അറകുറപ്പണികളും ഏറെറടുത്തിട്ടുണ്ട്. ആകെ 222 എണ്ണമാണ് പൂർണ്ണമായി കെട്ടിടനിർമ്മാണത്തിനായി ഏറെറടുത്തിട്ടുള്ളത്. 280 എണ്ണം എടുക്കേണ്ടതാണ്. ചില നിയോജകമണ്ഡലങ്ങളിൽ കുറഞ്ഞിട്ടുണ്ട്. ഈ സ്കീമിനുപുറമേ മറെറാരു സ്കീം കൂടിയുണ്ട്. അത് ബഡ്ജറൻറിവർക്കെന്നുള്ള നിലയിലാണ്. ഈ സ്കീമിൽ വർക്ക് ഏറെറടുക്കുമ്പോം എം. എൽ. എ.മാർ തന്ന ലിസ്റിൽനിന്ന് ഇതുവരെ ഉംപ്പെടുത്താത്ത

LIBRARY ARCHIVES Kerala Legislative Assembly

പ്പണികളും ഉടനെപ്പെടുത്താൻ നടപടികളും സ്വീകരിക്കും. അതിനുശേഷമേ മറ്റു ജോലികളും ഏറ്റെടുക്കുകയുള്ളു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:—സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട വില്ലടം ഗവൺമെന്റ് ഹൈസ്ക്കൂൾ ആദ്യത്തെ ലിസ്റ്റിൽ വരികയും ഡി.ഡി. അറിയിച്ചതനുസരിച്ച് പി.ടി.എ. അണ്ടർടേക്കിംഗ് കൊടുക്കുകയും ചെയ്തു. പിന്നീട് അവിടെ അലോട്ട് ചെയ്തിട്ടില്ല. ആ അപാകത പരിഹരിക്കാൻ സർക്കാർ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി.എം. ജേക്കബ്ബ്:—ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ:—സർ, മാർച്ച് 31-നകം ലിസ്റ്റിലുള്ള വർക്കുകളും ഏറ്റെടുക്കാൻ കഴിയാത്തതുമൂലം ഏതെങ്കിലും തുക ലാപ്സാകാൻ സാദ്ധ്യതയുണ്ടോ? ഈ വർക്കുകളും നടത്തുന്നതിന് പി.ഡബ്ലിയു.ഡി.ക്ക് എന്ത് ബന്ധമാണുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി.എം. ജേക്കബ്ബ് :—ബഡ്ജറ്റഡ് വർക്കിന്റെ പണവും ഫ്ളഡ്സിന് അനുവദിച്ചിരിക്കുന്ന പണവും ലാപ്സാകുന്നില്ല. പി.ഡബ്ലിയു.ഡി. യാണ് ഈ വർക്കുകളുടെ മേൽനോട്ടം വഹിക്കുന്നത്. ഇതിന്റെ എണസ്റ്റ്മണി കെട്ടണമെന്ന് ആദ്യം ഒരു നിർദ്ദേശമുണ്ടായിരുന്നു. അത് പി.ഡബ്ലിയു.ഡി. വേവ് ചെയ്തിട്ടുണ്ട്. ഇപ്പോൾ എണസ്റ്റ്മണി കെട്ടേണ്ടതായിട്ടില്ല. ഇതിന്റെ കൺസ്ട്രക്ഷൻ വർക്കിന്റെ സൂപ്പർവിഷൻ പി.ഡബ്ലിയു.ഡി.ക്ക് ആണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ :—സർ, കേരളത്തിൽ ട്രൈബ്സ് അധികമുള്ള പ്രദേശങ്ങളിൽ അവർക്കായി അനുവദിച്ചിട്ടുള്ള സ്ക്കൂളുകൾക്ക് കെട്ടിടമില്ലെന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ നിവേദനം നൽകിയിരുന്നു. ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകുമെന്ന് ഒരു കോൺഫറൻസിൽ തീരുമാനിക്കുകയുണ്ടായി. ഇതിനെ സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി.എം ജേക്കബ്ബ് :—ട്രൈബൽ സ്ക്കൂളുകളെക്കുറിച്ച് ഒരു പ്രത്യേക കോൺഫറൻസ് നടത്തിയിരുന്നു. അതിൽ ബഹുമാനപ്പെട്ട മെമ്പറും പങ്കെടുത്തിരുന്നതാണ്. അതിനുശേഷം വളരെയേറെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. മുഴുവനും പൂർത്തിയായി എന്ന് ഞാൻ പറയുന്നില്ല. എന്നാൽ കാര്യമായ പ്രോഗ്രസ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. വളരെയധികം മുൻഗണന ഇക്കാര്യത്തിൽ കൊടുത്തിട്ടുണ്ട്.

ശ്രീ. കോലിയാക്കോട് എൻ. കൃഷ്ണൻ നായർ :—സർ, തിരുവനന്തപുരം ജില്ലയിലെ പല ഹൈസ്ക്കൂളുകളിലും ഇന്ന് ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നുണ്ട്. അതിൽ ഭരതന്നൂർ, മടത്തറക്കാണി എന്നീ സ്ക്കൂളുകളും ഉൾപ്പെടുന്നുണ്ട്. ആ സ്ക്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം മാറ്റാൻവേണ്ടി ഇപ്പോൾ ഈ ഫ്ളഡ് റിലീഫ് സ്കീമിലും ഒന്നും ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ബഡ്ജറ്റഡ് വർക്ക് പരിശോധിക്കുമ്പോൾ ഇങ്ങനെ ഷിഫ്റ്റ് ഏർപ്പെടുത്തിയിരിക്കുന്ന സ്ക്കൂളുകൾക്ക് ഒരു പ്രയോറിറ്റി കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ടി.എം. ജേക്കബ്ബ്:—ഫ്ളഡ്സിൽ ഏറ്റവും കൂടുതൽ ജോലികൾ ഏർപ്പെടുത്തിയിരിക്കുന്നത് തിരുവനന്തപുരം ജില്ലയിലേതാണ്. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഇരുപത്തിയെട്ട് സ്ക്കൂളുകളുടെ പ്രവർത്തനം ഈയൊരു സ്ക്കീമിൽ തന്നെ എടുത്തിട്ടുണ്ട്. അതുപോലെ ഏറ്റവും കൂടുതൽ പണം കൊടുത്തിരിക്കുന്നതും തിരുവനന്തപുരം ജില്ലയ്ക്കാണ്. ഇങ്ങനെ കെട്ടിടങ്ങളും തീരുമ്പോൾ അവിടെ അക്കോമഡേഷൻ ഉണ്ടാകുകയാണെങ്കിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിക്കും.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സ്ക്കൂൾ കെട്ടിടങ്ങൾ

* 129. (134.) ശ്രീ. നാലകത്ത് സൂപ്പി :
,, ഇ.ടി. മുഹമ്മദ് ബഷീർ :
,, പി.കെ.കെ. ബാവ :
,, എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ :
,, കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം സംസ്ഥാനത്ത് എത്ര സ്ക്കൂൾ കെട്ടിടങ്ങൾ ഒഴിഞ്ഞു കിടപ്പുണ്ട് ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസമുണ്ടാക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) :

(എ) ഒന്നുമില്ല.
(ബി) ഉദിക്കുന്നില്ല.
(സി) സാധാരണയായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാറില്ല. ചില കെട്ടിടങ്ങളുടെ കാര്യത്തിൽ കാലതാമസമുണ്ടാകുന്നത് അവയുടെ അറ്റകുറ്റപ്പണികളും സമയത്തിന് പൂർത്തിയാക്കാത്തതിനാലാണ്.

ശ്രീ. നാലകത്തു സൂപ്പി :—സർ, തക്കസമയത്ത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കാൻ സാധിക്കാത്തതുകൊണ്ട് ഫിക്സേഷനിൽ പോസ്റ്റ് നഷ്ടപ്പെടുന്ന അദ്ധ്യാപകനുണ്ട്. അങ്ങനെ പോസ്റ്റ് നഷ്ടപ്പെടുന്ന അദ്ധ്യാപകർ രണ്ടാമത് നിയമനം കിട്ടുന്നതിന് അപ്പീൽ കൊടുത്ത് ഹിയറിംഗ് കേൾക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ അകാരണമായി കാലതാമസം വരുത്തുന്നുവെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെയുണ്ടെങ്കിൽ കൃത്യസമയത്തിനകം ഫിക്സേഷൻ നടത്തി പോസ്റ്റ് അനുവദിക്കുന്നതിനുള്ള നടപടിയെടുക്കുന്നതിന് നിർദ്ദേശം കൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ടി.എം. ജേക്കബ്ബ് :—സർ, ഫിക്സേഷൻ നടത്തുന്നതിന് പ്രത്യേക നിർദ്ദേശങ്ങളുണ്ട്. അത് റൂൾസിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻമേൽ എന്തെങ്കിലും തർക്കമുണ്ടാകുമ്പോഴാണ് അപ്പീൽ വരുന്നത്. സ്വാഭാവികമായും കൺട്രോളിംഗ് ആഫീസർമാർ പല ഗ്രേഡുകളിൽ അപ്പീൽ കേൾക്കാറുണ്ട്. അപ്പോൾ അതിനേൽപ്പിച്ചിട്ടുള്ള സമയം തന്നെ ആവശ്യമായി വരുന്നു. ഒരു സമയപരിധി കൽപ്പിച്ച് ഇത് ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. എന്നിരുന്നാലും കഴിയുന്നിടത്തോളം വേഗത്തിൽ ഇങ്ങനെയുള്ള അപ്പീൽ കേസുകളിൽ തീർപ്പ് കൽപ്പിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. നാലകത്തു സൂപ്പി :—സർ, വിദ്യാഭ്യാസ വർഷം എന്നുപറയുന്നത് ജൂൺ 1 മുതൽ മാർച്ച് 31 വരെയാണ്. മുസ്ലിം സ്ക്കൂളുകളെ സംബന്ധിച്ചിടത്തോളം അത് ഏപ്രിൽ, മേയ് വരെയൊക്കെയാകും. അത്തരം സ്ക്കൂളു

LIBRARY ARCHIVES Kerala Legislative Assembly